**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3106** **07-10-2025 - ൽ മറുപടിയ്ക്ക്**

**നദികളും ജലസ്രോതസ്സുകളും മാലിന്യമുക്തമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ നദികളും ജലസ്രോതസ്സുകളും മലിനമാക്കപ്പെടുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് തടയാൻ കർമ്മപദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | കേരളത്തിലെ നദികളും മറ്റ് ജലസ്രോതസ്സുകളും വിവിധ കാരണങ്ങളാൽ മലിനീകരണത്തിന് വിധേയമായിട്ടുണ്ട് എന്ന് ജലസേചന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ കുളങ്ങളും ചെറുകിട ജലാശയങ്ങളും മറ്റു ജലസ്രോതസ്സുകളും സംരക്ഷിച്ചു പുനരുജ്ജീവിപ്പിച്ചു ജലസംഭരണ ശേഷി വർദ്ധപ്പിക്കുന്നതിനായുള്ള വിവിധ പ്രവർത്തനങ്ങൾ ജലസേചനവകുപ്പ് മുഖേന നിർവ്വഹിച്ചുവരുന്നു. കുളങ്ങളിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കലും ചളിയും നീക്കം ചെയ്ത് ജലനിർഗമന ചാലുകൾ പ്രവർത്തനസജ്ജമാക്കുക, തോടുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള ചെളി/എക്കൽ നീക്കംചെയ്ത് ആവശ്യമുള്ള ഇടങ്ങളിൽ പാർശ്വസംരക്ഷണം നിർവ്വഹിക്കുക, പുഴകളിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കൽ/ചെളി/മണൽ എന്നിവ നീക്കം ചെയ്യുക, പുഴകളിലും വലിയ തോടുകളിലുമുള്ള തടയണകൾ/ റെഗുലേറ്ററുകൾ എന്നിവയ്ക്കുസമീപം അടിഞ്ഞുകൂടിയിട്ടുള്ള ചെളി/എക്കൽ/മണൽ എന്നിവ നീക്കം ചെയ്ത് സംഭരണസേഷി പുനസ്ഥാപിച്ച് ജലസംരക്ഷണം ഉറപ്പാക്കുക തുടങ്ങിയ പ്രവൃത്തികളാണ് നിർവഹിച്ചുവരുന്നത്. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ പഠനമനുസരിച്ച് കേരളത്തിലെ 21 നദീഭാഗങ്ങൾ വലിയതോതിലുള്ള മലിനീകരണത്തിന് വിധേയമായിട്ടുണ്ട്. ഇവയെ മലിനീകരണത്തിന്റെ തോത് അനുസരിച്ചു പ്രയോറിറ്റി I മുതൽ V വരെയായി തരംതിരിച്ചിട്ടുണ്ട്. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ OA 673/2018 ലെ ഉത്തരവ് പ്രകാരം മലിനീകരിക്കപ്പെട്ട നദീഭാഗങ്ങളിലെ ജലം കുറഞ്ഞത് കുളിക്കാൻ ഉപയോഗിക്കുന്ന തരത്തിലെങ്കിലും അനുയോജ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കി, ഇവ മാലിന്യ മുക്തമാക്കാൻ |

| | | | |
|---|---|---|---|
| | | | നിർദ്ദേശം നൽകിയിരുന്നു. ഇത് പ്രകാരമുള്ള ആക്ഷൻപ്ലാൻ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ തയ്യാറാക്കി, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മുഖേന കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകൾ നടത്തിയ പ്രവൃത്തികളുടെ ഫലമായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ റിപ്പോർട്ട് പ്രകാരം 21 മലിനമായ നദീഭാഗങ്ങളിൽ, 11 മലിനമായ നദീഭാഗങ്ങൾ നീക്കം ചെയ്തതായും 8 പുതിയ റീച്ചുകൾ ചേർത്തതായും, പരാമർശിക്കുന്നു. മലിനമായ നദീഭാഗങ്ങളുടെ എണ്ണം നിലവിൽ 18 ആണ്. കൂടാതെ കേരള വാട്ടർ അതോറിറ്റിയുടെ ജലവിതരണ പദ്ധതികളുടെ സ്രോതസ്സുകളിൽ കൃത്യമായ ഇടവേളകളിൽ ഗുണനിലവാര പരിശോധന നടത്തിവരുന്നുണ്ട്. ഏതെങ്കിലും വിധത്തിലുള്ള മലിനീകരണ സാധ്യത ശ്രദ്ധയിൽപ്പെട്ടാൽ യഥാസമയം ബന്ധപ്പെട്ട പോലീസ്, തദ്ദേശസ്വയംഭരണ, റവന്യൂ വകുപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്താറുണ്ട്. |
| (ബി) | ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിച്ച എത്ര പേർക്കെതിരെ കേരള ജലസേചനവും ജലസംരക്ഷണവും നിയമപ്രകാരം 2016 മുതൽ നാളിതുവരെ നിയമനടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ; ഓരോ വർഷവും പിഴയിനത്തിൽ ലഭിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) | ജലസ്രോതസ്സുകൾ മലിനമാക്കുന്നതുമായി ബന്ധപ്പെട്ട ജലസേചന വകുപ്പിന്റെ വിവിധ കാര്യാലയങ്ങളിൽ ലഭിച്ച പരാതികൾ ചുവടെ ചേർക്കുന്നു.<br><br>(എ) ചൈത്രവാഹിനി പുഴയിലേക്ക് മാങ്ങോട് ലാറ്റക്സ് ഫാക്ടറിയിൽ നിന്ന് മലിനജലം ഒഴുക്കുന്നത് സംബന്ധിച്ച് പരാതി ലഭ്യമായിട്ടുണ്ട്. ആയതു സംബന്ധിച്ച് ഇനിയൊരു അലംഭാവം കാണിക്കുകയാണെങ്കിൽ കർശന നിയമനടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചുകൊണ്ട് കമ്പനി അധികാരികൾക്ക് കത്ത് നൽകിയിട്ടുണ്ട്.<br><br>(ബി) കല്ലായിപ്പുഴ മലിനമാകുന്നതുമായി ബന്ധപ്പെട്ട് പരാതികൾ ലഭ്യമായിട്ടുണ്ട്. കല്ലായിപ്പുഴയിലെ ചെളിയും മറ്റു മാലിന്യങ്ങളും നീക്കം ചെയ്യുന്ന പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് പുഴ മാലിന്യമുക്തമായി പരാതിയ്ക്ക് പരിഹാരമാകുന്നതാണ്.<br><br>(സി) മൈനർ ഇറിഗേഷൻ ഡിവിഷൻ മലപ്പുറം കാര്യാലയത്തിനു കീഴിൽ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയുടെ കീഴിലുള്ള തറയിൽ ബസ് സ്റ്റാന്റ് പരിസരത്തുള്ള തോട് മലിനമാക്കപ്പെട്ടതായി പരാതി ലഭിച്ചിട്ടുണ്ട്. തറയിൽ ബസ് സ്റ്റാന്റിന് പരിസരത്തുള്ള തോട് പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയുടെ കീഴിലായതിനാൽ ബന്ധപ്പെട്ട പെരിന്തൽമണ്ണ നഗരസഭ സെക്രട്ടറിയ്ക്ക് വേണ്ടുന്ന നടപടികൾക്കായി ശിപാർശ ചെയ്തിട്ടുണ്ട്. |

(ഡി) തിരൂർ മുനിസിപ്പാലിറ്റിയുടെ ആസ്തിയിൽ ഉൾപ്പെട്ടിട്ടുള്ള വാർഡ്-38 ലെ കണ്ടംകുളം പൊതുകുളം മലിനമാക്കപ്പെട്ടതായി പരാതി ലഭിച്ചിട്ടുണ്ട്. കണ്ടംകുളം പൊതുകുളം ശുദ്ധീകരിക്കുന്നതിന് വേണ്ട തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ജില്ലാ വികസന കമ്മീഷണർ (ജില്ലാ കളക്ടർ) മലപ്പുറത്തിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്.

(ഇ) കവണകല്ല് റഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിയുടെ സമീപം ചാലിയാർ പുഴ മലിനമാക്കപ്പെട്ടതായി പരാതി ലഭിച്ചിട്ടുണ്ട്. കവണക്കല്ല് റഗുലേറ്റർ കം ബ്രിഡ്ജ്ജ് പദ്ധതിയുടെ സമീപം ചാലിയാർപുഴയിൽ സംഭരിച്ച വെള്ളത്തിൽ കക്കൂസ് മാലിന്യം തള്ളിയത് മാവൂർ പോലീസ് സ്റ്റേഷനിൽ കേസ് റജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ട്.

(എഫ്) പത്തനംതിട്ട ജില്ലയിലെ കോയിപ്രം ഗ്രാമ പഞ്ചായത്തിലെ ഏഴാം വാർഡിൽ കൂടി ഒഴുകുന്ന ചെറുതോട്ടതോട് മലിനീകരിക്കുന്നതുമായി ബന്ധപ്പെട്ട് ചെറുകിട ജലസേചന സെക്ഷൻ, മാരാമൺ കാര്യാലയത്തിൽ പരാതി നൽകിയിട്ടുണ്ട്. ആരോപണവിധേയനായ വ്യക്തിക്ക് ചെറുകിട ജലസേചന സെക്ഷൻ, മാരാമൺ കാര്യാലയത്തിൽ നിന്ന് നോട്ടീസ് നൽകുകയും എന്നാൽ നോട്ടീസ് ലഭിച്ചിട്ടും മാലിന്യം നീക്കം ചെയ്യാത്തതിനാൽ ടിയാനെതിരെ കോയിപ്രം പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുള്ളതാണ്.

(ജി) കൊല്ലം ജില്ലയിലെ മണിച്ചിതോട്ടിലേക്ക് മാലിന്യം നിക്ഷേപിക്കുന്നതുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ പുലമൺതോട്, മണിച്ചിതോട് മുതലായ ജല സ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നത് തോടിനു ചുറ്റും ഫെൻസിങ്ങ്, പാർശ്വഭിത്തി എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾക്കായി എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുള്ളതും, അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ്. പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് തോട്ടിലേക്ക് മാലിന്യം നിക്ഷേപിക്കുന്നത് ഒരു പരിധി വരെ തടയാൻ കഴിയും.

(എച്ച്) തിരുവനന്തപുരം ജില്ലയിലെ കട്ടാക്കട പഞ്ചായത്തിലൂടെ ഒഴുകുന്ന കളത്തുമ്മൽ തോടും,കുറ്റിച്ചൽ പഞ്ചായത്തിലൂടെ ഒഴുകുന്ന കുമ്പിൾമുട് തോടും മലിനമാക്കപ്പെടുന്നതായി കാണിച്ച് പരാതി ലഭിച്ചിട്ടുണ്ട്. കാട്ടാക്കട പഞ്ചായത്തിലൂടെ ഒഴുകുന്ന കളത്തുമ്മൽ തോടിന്റെ ഉൽഭവ സ്ഥാനമായ മൈലാടി കുളം മുതൽ അമ്പലത്തിൻ കാല വരെയുള്ള ഭാഗത്തെ മാലിന്യ നിക്ഷേപം കണ്ടെത്തുന്നതിനായി

| | | | |
|---|---|---|---|
| | | | നീർത്തട നടത്തം നടത്തുകയും മാലിന്യങ്ങൾ നിക്ഷേപിക്കുന്ന ഭാഗങ്ങൾ കണ്ടെത്തുകയും ഇങ്ങനെ മാലിന്യം നിക്ഷേപിക്കുന്നവരുടെ പേര് വിവരങ്ങൾ കണ്ടെത്തി അവർക്കെതിരെ നടപടികൾ സ്വീകരിക്കുവാൻ അറിയിച്ചുകൊണ്ട് കാട്ടാക്കട പഞ്ചായത്ത് അധികാരികൾക്ക് കത്ത് നല്കുകയുണ്ടായി. കൂടാതെ കുറ്റിച്ചൽ പഞ്ചായത്തിലെ കുമ്പിൾ മൂട് തോട്ടിലെ മാലിന്യ നിക്ഷേപിക്കുന്നവർക്കെതിരേ നടപടി സ്വീകരിക്കുവാൻ പഞ്ചായത്തിനും കത്ത് നൽകിയിട്ടുണ്ട്. |
| (സി) | നദികളെയും ജലസ്രോതസ്സുകളെയും പൂർണ്ണമായും മാലിന്യമുക്തമാക്കുന്നതിനും സംരക്ഷിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും പ്രസ്തുത പദ്ധതിയിൽ സംസ്ഥാനത്തെ ഏതെല്ലാം ജലാശയങ്ങൾ ഉൾപ്പെടുന്നുണ്ട് എന്നും വ്യക്തമാക്കാമോ; | (സി) | ഡാമുകൾ, കുളങ്ങൾ പോലുള്ള ജലസ്രോതസ്സുകൾ ഒഴികെയുള്ളവ പൂർണ്ണമായി മാലിന്യമുക്തമാക്കി സംരക്ഷിക്കുക എന്നത് പ്രായോഗികമായി സാധ്യമല്ല. എന്നാൽ, മനുഷ്യർക്കും പക്ഷിമൃഗാദികൾക്കും മറ്റ് ജീവജാലങ്ങൾക്കും ഉപയോഗിക്കാൻ സാധിക്കുന്നതരത്തിൽ ഗുണനിലവാരം കാത്തു സൂക്ഷിക്കാൻ സാധിക്കും. ഇതിനായി വർദ്ധിച്ച തോതിലുള്ള ജനപങ്കാളിത്തവും ഇതോടൊപ്പം പൗരബോധവും ആവശ്യമാണ്. ഇത് കൂടാതെ ഒരിക്കൽ ശുചിയാക്കിയ ജലസ്രോതസ്സുകളിലേക്ക് മാലിന്യ നിക്ഷേപമോ മലിനജലകുഴലോ എത്തുന്നില്ല എന്ന് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാലാകാലങ്ങളിൽ ഉറപ്പുവരുത്തേണ്ടതാണ്. നദീഭാഗങ്ങളുടെ മുകൾ ഭാഗത്തു നിർമ്മിച്ചിട്ടുള്ള തടയണകൾ/ റെഗുലേറ്ററുകൾ എന്നിവയിൽ സംഭരിച്ച വെള്ളം മാലിന്യരൂക്ഷത അനുഭവപ്പെടുന്ന സമയങ്ങളിൽ തുറന്നു വിടുന്നത് വഴി നദീജലത്തിലടങ്ങിയിട്ടുള്ള മാലിന്യത്തിന്റെ തോത് ലഘൂകരിക്കുവാൻ സാധിക്കും.<br><br>കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ പഠനമനുസരിച്ച് നദികളെ മലിനീകരണത്തിന്റെ (BOD-Biological Oxygen Demand in mg/L) അടിസ്ഥാനത്തിൽ 5 ആയി തരം തിരിക്കുന്നു<br><br>Priority I - >30 mg/L<br><br>Priority II - 20 mg/L to 30 mg/L<br><br>Priority III - 10 mg/L to 20 mg/L<br><br>Priority IV - 6 mg/L to 10 mg/L<br><br>Priority V - 3 mg/L to 6 mg/L<br><br>സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയും, ജലസേചന വകുപ്പിന്റെയും മറ്റു ബന്ധപ്പെട്ട വകുപ്പുകളുടെയും പ്രവർത്തന ഫലമായി |

| | | | |
|---|---|---|---|
| | | | ജലഗുണനിലവാരം മെച്ചപ്പെടുത്തിയതിനാൽ താഴെപ്പറയുന്ന 4 നദികളുടെ മുൻഗണനാ വിഭാഗത്തെ താഴ്ന്ന മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റി.<br>കേരളത്തിൽ ഇപ്പോൾ മുൻഗണന (I) യുള്ള (Priority I) നദികൾ ഇല്ല.<br><br>Karamana, at Thiruvananthapuram - **Priority III** (from Priority I)<br>Manimala at Alappuzha - **Priority V**(from Priority IV)<br>Pamba at Pathanamthitta – **PriorityV** (from Priority IV)<br>Kadambrayar at Ernakulam - **PriorityV** (from Priority IV)<br><br>CPCB (Central Pollution Control Board) യുടെ പുതുക്കിയ കരട് റിപ്പോർട്ടിൽ നദികളുടെ ജല ഗുണനിലവാരത്തിന്റെ നിലവിലെ സ്ഥിതിയുടെ അടിസ്ഥാനത്തിൽ നീക്കം ചെയ്ത 11 നദികൾ.<br><br>Mogral- at Kasaragod.<br><br>Kuppam, Peruvarnba, Ramapuram, Kavvayi- at Kannur<br><br>Bharathapuzha,Bhavani- at Palakkad<br><br>Kutiyadi -at Kozhikode<br><br>Kecheri, Karuvannur, Puzhakkal- at Thrissur<br><br>പുതുതായി ചേർത്ത 8 പുതിയ റീച്ചുകൾ<br><br>Neyyar (IV) ,Vamanapuram( IV), Ayroor(V), Mamom( V), Chalakudy (V ),Kalpathipuzha (V),Korayar (V), Pullur(V) |
| (ഡി) | ജലാശയങ്ങളുടെ സംരക്ഷണത്തിനായി കേരള ജലസേചനവും ജലസംരക്ഷണവും നിയമം ശക്തമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ; | (ഡി) | ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ നേരിട്ട് നടപടി എടുക്കുന്നതിനും പിഴ ചുമത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവർക്ക് അധികാരമുണ്ട്. 2003 ലെ കേരള ജലസേചനവും ജലസംരക്ഷണവും നിയമപ്രകാരം ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാനും പിഴ ഈടാക്കാനും കഴിയും. ഇത് കൂടുതൽ ഫലപ്രദമാക്കുന്നതിനും ശിക്ഷ/പിഴ വർദ്ധിപ്പിക്കുന്നതിനുമായി 2018-ൽ നിയമം ഭേദഗതി വരുത്തുകയും ( 2018 ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമം) ശിക്ഷ/പിഴ |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൻ പ്രകാരം പോലീസ് അധികൃതർക്ക് നൽകുന്ന പരാതിയിൻമേൽ അന്വേഷണം നടത്തി ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ കേസ്സ് ഫയൽ ചെയ്യേണ്ടതാണ്. മൂന്ന് വർഷം വരെ തടവും പരമാവധി രണ്ടു ലക്ഷം രൂപ പിഴയുമാണ് കുറ്റം തെളിഞ്ഞാൽ ലഭിക്കുന്നത്. പ്രസ്തുത നിയമഭേദഗതിക്കുശേഷം, ഇത്തരമൊരു നിയമം നിലവിലുണ്ടെന്ന് പൊതുജന അവബോധം വളർത്താനാവശ്യമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തുകയും മാലിന്യ നിക്ഷേപം ശ്രദ്ധയിൽ വരുകയാണെങ്കിൽ പോലീസ് സ്റ്റേഷനിൽ പരാതി നൽകുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നവകേരള മിഷനിലെ ഹരിത കേരളം മിഷനിലൂടെ എത്ര ജലസ്രോതസ്സുകളെ മാലിന്യ മുക്തമാക്കിയിട്ടുണ്ട്; വിശദാംശം ജില്ല തിരിച്ച് വെളിപ്പെടുത്തുമോ; അതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (ഇ) | ഹരിതകേരളം മിഷന്റെ ഉപമിഷനായ "ജലസമൃദ്ധിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ "സംയോജിത നീർത്തടപ്ലാനുകൾ" തയ്യാറാക്കുകയും, അവയിൽ മുൻഗണനാടിസ്ഥാനത്തിൽ നിർദ്ദേശിച്ചിട്ടുള്ള ജലസ്രോതസ്സുകളുടെ സംരക്ഷണം/ പുനരുദ്ധാരണം/ സംഭരണശേഷി വർദ്ധിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ജലസേചന വകുപ്പ് ഏറ്റെടുത്തു നിർവ്വഹിക്കാറുണ്ട്. ആയതിന്റെ ഫലമായി 1013 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നീരുറവ് മാസ്റ്റർപ്ലാനുകൾ തയ്യാറാക്കി കഴിഞ്ഞിട്ടുണ്ട്. ഒപ്പം കേരളത്തിലെ 15 ബ്ലോക്കുകളുടെയും, 94 ഗ്രാമ പഞ്ചായത്തുകളുടെയും ജല ബഡ്ജറ്റിംഗ് (ഒരു നദീതടത്തിലോ/ നീർത്തടത്തിലോ വിവിധആവശ്യങ്ങൾക്കായി വേണ്ടി വരുന്ന ജലവും, ലഭ്യമായ ജലവും തമ്മിലുള്ള അന്തരം) നവകേരളം കർമ്മ പദ്ധതിയുടെ ആഭിമുഖ്യത്തിൽ തയ്യാറാക്കുകയും ചെയ്തു കഴിഞ്ഞിരിക്കുന്നു. ജല ബഡ്ജറ്റിംഗ് നടത്തിയ ബ്ലോക്കുകളുടെയും, പഞ്ചായത്തുകളുടെയും ജല കമ്മി മനസ്സിലാക്കി അതനുസരിച്ച് നീരുറവ മാസ്റ്റർ പ്ലാനിലെ പദ്ധതികൾ , ജലസേചന വകുപ്പിലെ സാങ്കേതിക സമിതി കൺവീനർമാർ സാങ്കേതിക പരിശോധന നടത്തി അതിന്റെ അടിസ്ഥാനത്തിൽ വരൾച്ച -വെള്ളപ്പൊക്കം എന്നിവയെ നേരിടുന്നതിനും, കൃഷി-ജലസംരക്ഷണം എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു വരുന്നു. ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ ഹരിതകേരളം മിഷനിൽ നിന്നും ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ